**ഭരണഭാഷ-മാതൃഭാഷ**

നം: ബി3-3848/2018.

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം.
തീയതി: 19/03/2018.

# സർക്കുലർ

**വിഷയം:-** ജലസേചനം- ജീവനക്കാര്യം- 2018 വർഷത്തെ പൊതു സ്ഥലംമാറ്റം -സംബന്ധിച്ച്:

**സൂചന:-** ഈ കാര്യാലയത്തിലെ 10.01.2018 തീയതിയിലെ ഇതേ നമ്പർ പ്രകാരമുള്ള നോട്ടീസ്.

2018 വർഷത്തെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് സൂചന പ്രകാരം പ്രസിദ്ധീകരിച്ച നോട്ടീസിനോടൊപ്പം പ്രൊഫോർമ 1, പ്രൊഫോർമ II എന്നിവ ഉൾപ്പെടുത്തിയിരുന്നു. ആയത് കൃത്യമായി പൂരിപ്പിച്ച് 31.01.2018 നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കുവാൻ ഈ വകുപ്പിലെ എല്ലാ ഓഫീസ് മേധാവികളോടും നിർദ്ദേശിച്ചിരുന്നെങ്കിലും പല ഓഫീസിൽ നിന്നും ആയത് ഇതുവരെ ലഭ്യമായിട്ടില്ല. ഈ അനാസ്ഥ വളരെ ഗൗരവമായി കാണുന്നു. അതിനാൽ, പ്രസ്തുത പ്രൊഫോർമ കൃത്യമായി പൂരിപ്പിച്ച് സമർപ്പിക്കാത്തവർ 22.03.2018, 5.പി.എം-ന് മുമ്പ് aoirrgn@gmail.com എന്ന വിലാസത്തിലേയ്ക്ക് ഇ-മെയിലായി സമർപ്പിക്കേണ്ടതാണ്. വീഴ്ച വരുത്തുന്ന ഓഫീസ് മേധാവികൾക്കെതിരെ ഇനിയൊരറിയിപ്പില്ലാതെ തന്നെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

**ചീഫ് എഞ്ചിനീയർക്കു വേണ്ടി**

ഐ.റ്റി. സെൽ.